# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാമാക്ഷി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**ഇടുക്കി-685584**

**ഇ-മെയിൽ:** doidk.ksad@kerala.gov.in

**ഫോൺ :** 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി5/830/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 20/09/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാമാക്ഷി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി5/830/2024 തീയ്യതി: 20/09/2024

**ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-11-2023 മുതൽ 22-07-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.മിനു . പി. കെ. | ഡെപ്യൂട്ടി ഡയറക്ടർ | 23-07-2024 | 29-07-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-07-2024 | 29-07-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ടി. എസ്. ധനജയൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. ജിബി ഇ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോസഫ് ചാക്കോ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോമോൻ ഫ്രാൻസിസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഡെന്നിസ് ജോസഫ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനുമോൾ ജോസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വിജയൻ എം. | സെക്രട്ടറി | 01-04-2023 | 16-08-2023 |
| ശ്രീ. ആൽബെർട്ട് ചാക്കോ | സെക്രട്ടറി | 17-08-2023 | 09-02-2024 |
| ശ്രീ. ബ്രൈറ്റ്മോൻ പി. | അസി.സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല | 10-02-2024 | 20-02-2024 |
| ശ്രീ. ആൽബെർട്ട് ചാക്കോ | സെക്രട്ടറി | 21-02-2024 | 31-03-2024 |
| ശ്രീമതി. ജയ കെ.ബി. | അസി. സെക്രട്ടറി | 01-04-2023 | 10-07-2023 |
| ശ്രീ. ബ്രൈറ്റ്മോൻ പി. | അസി. സെക്രട്ടറി | 11-07-2023 | 31-03-2024 |
| ശ്രീമതി. ഗീതു മരിയ ജോസഫ് | അസി. എഞ്ചിനിയർ | 01-04-2023 | 31-03-2024 |
| ശ്രീ.സോജി തോമസ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.ധനേഷ് കൃഷ്ണാൽ | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ഡോ.ജിൻസി ജോസ് | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2023 | 31-03-2024 |
| ഡോ.പ്രിൻസി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2023 | 31-03-2024 |
| ഡോ.ലിന്റു മെറിൻ ഷാജി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി. നിജാമോൾ എം.ജി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി. ലേഖാമോൾ തോമസ് | ഹെഡ് മിസ്ട്രസ്സ് | 01-04-2023 | 31-03-2024 |
| ശ്രീ.സാജു പി.യു. | വി.ഇ.ഒ. | 01-04-2023 | 31-03-2024 |
| ശ്രീമതി. അമ്പിളി പി.കെ. | വി.ഇ.ഒ. | 01-04-2023 | 02-09-2023 |
| ശ്രീ.സാജു പി.യു. | വി.ഇ.ഒ. | 03-09-2023 | 02-10-2023 |
| ശ്രീമതി. അമ്പിളി പി.കെ. | വി.ഇ.ഒ. | 03-10-2023 | 31-03-2024 |
| ശ്രീ.വിനീത് സി.എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീ. നൗഷാദ് ബി. | അസി.ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല | 1-1-4 |
| 6 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-5 |
| 7 | വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. | 1-1-8 |
| 10 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | ഗ്രാന്റ് വിനിയോഗം | 1-3 |
| 13 | പദ്ധതി അവലോകനം | 1-4 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 15 | ക്ഷേമ പെൻഷനുകൾ | 1-6 |
| 16 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 17 | ആഭ്യന്തര നിയന്ത്രണം. | 1-8 |
| 18 | 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-9 |
| 19 | തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയിച്ചു | 1-10 |
| 20 | കെട്ടിടങ്ങൾ കാഞ്ചിയാർ പഞ്ചായത്തിൽ നിന്നും കാമാക്ഷി പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. | 1-11 |
| 21 | വസ്തു നികുതി പരിഷ്കരണം-മേഖല തരം തിരിക്കൽ, വിവരശേഖരണം, ഡാറ്റാ എൻട്രി നടപടികളിൽ കാലതാമസം | 1-12 |
| 22 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 23 | ഉപയോഗ ക്രമത്തിനനനുസൃതമായി വസ്തു നികുതി ചുമത്തിയില്ല | 1-14 |
| 24 | അനധികൃത നിർമ്മാണമാണത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 25 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചു | 1-16 |
| 26 | പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം | 1-17 |
| 27 | വാടക സംബന്ധിച്ച അപാകതകൾ | 1-18 |
| 28 | കോക്ലിയർ ഇംപ്ലാന്റേഷൻ–യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 1-19 |
| 29 | MCF-ന് ഓട്ടോ റിക്ഷാ വാങ്ങൽ - പദ്ധതി പൂർത്തിയായില്ല. | 1-20 |
| 30 | തങ്കമണി ബസ് സ്റ്റാന്റിന് സ്ഥലം വാങ്ങൽ – പദ്ധതി പൂർത്തിയായില്ല. | 1-21 |
| 31 | ഇൻഡോർ സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ - അപാകതകൾ | 1-22 |
| 32 | നാപ്കിൻ ഡിസ്ട്രോയർ യൂണിറ്റ് - അപാകതകൾ | 1-23 |
| 33 | ജനറൽ കമ്മറ്റി മിനിട്ട്സ് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-24 |
| 34 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ജിയോ ടാഗിംഗ് നടത്തുന്നത് ശരിയായ വിവരങ്ങളല്ല. | 1-25 |
| 35 | കാർബൺ ന്യൂട്രൽ പഞ്ചായത്ത് - രേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 1-26 |
| 36 | HMC കണക്കുകൾ സമയബന്ധിതമായി പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല | 1-27 |

| | | |
|---|---|---|
| 37 | ഭവന പുനരുദ്ധാരണം - നിർമ്മാണം പൂർത്തിയാക്കിയട്ടില്ല. | 1-28 |
| 38 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-29 |
| 39 | മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ, 2011 KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.05.2024 -ലെ 1(1) നം. കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 23.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ, വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**തൊടുപുഴ,** **ഡെപ്യൂട്ടി ഡയറക്ടർ**

**20.09.2024** **ഇടുക്കി**

**1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ് 62(2) (ഇ), (എഫ്) എന്നിവ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല**

ക്യഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല**

6/07/2011-ലെ ജി.ഒ(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ കൃത്യമായ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

**1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകളില്ല**

ഇൻകം&എക്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിൽ (ഐ-18) പ്രകാരം ഡിമാന്റിൽനിന്ന് എഴുതിത്തള്ളിയ വരവ് ചെലവുകൾക്കും ഐ-17A പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള ഡിപ്രീസിയേഷൻ തുടങ്ങിയവയ്ക്ക് ഉപോൽബലകമായി അംഗീകരിക്കപ്പെട്ട ജേർണ്ണൽ വൗച്ചറുകളൊ വർക്ക് ഷീറ്റുകളൊ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

**1-1-5 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.**

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഇലക്ഷൻ ഡെപ്പോസിറ്റ് പോലെയുള്ള

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

### 1-1-6 വരവിനങ്ങളുടെ രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

പ്രധാന വരവിനങ്ങളായ തൊഴിൽ നികുതി, വാടക, ലൈസൻസ് എന്നിവയുടെ രജിസ്റ്ററിൽ വർഷാവസാനം ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഇവയുടെ വാർഷിക കണക്കിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

### 1-1-7 തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾക്ക് യഥാസമയം അക്രൂവൽ എൻട്രികൾ നൽകുന്നില്ല. അക്രൂ ചെയ്യുന്ന നികുതികൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണ്.

### 1-1-8 ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, എന്നിവ ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ തുകകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

### 1-1-9 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് തുകയിൽ വ്യക്തതയില്ല

ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ താഴെ പറയുന്ന തുകകൾ എവിടെ നിന്ന് എന്ത് ആവശ്യത്തിന് ലഭിച്ചതാണെന്നും നിലവിലുള്ള നീക്കിയിരിപ്പ് തുക ഏത് ബാങ്ക്/ ട്രഷറി അക്കൗണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നുമുള്ള വിവരം ലഭ്യമല്ല. ആയതിനാൽ ഏതെങ്കിലും തുകകൾ വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിയുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

| Sl.No. | Code | Head | Amount |
|---|---|---|---|
| 1 | 320100195 | Epidemic Control | 204 |
| 2 | 320200213 | Development Of Scheduled Castes- Capital | 100000 |
| 3 | 320200214 | Development Of Scheduled Tribes- Capital | 300000 |
| 4 | 320200301 | Crematorium | 18870 |
| 5 | 320200399 | Grant, Fund & Contribution For Specific Purpose, Other Purpose | 245686 |

### 1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് താഴെ പറയും പ്രകാരം അംഗീകരിച്ചു. 09.03.2023 ലെ 2-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 21.03.2023 ലെ 1 -ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2023-24-ലെ ബജറ്റ് | 2023-24- ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 09.03.2023 ലെ 2-ാം നമ്പർ തീരുമാനം | 02.02.2024 ലെ 3-ാം നമ്പർ തീരുമാനം |

| | | |
|---|---|---|
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 21.03.2023 ലെ 1 -ാം നമ്പർ തീരുമാനം | 13.02.2024 ലെ 1-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് (₹) | 4009768 | 14469570 |
| വരവ് (₹) | 250282000 | 219987928 |
| ആകെ വരവ് (₹) | 254291768 | 234457498 |
| ആകെ ചെലവ് (₹) | 251431000 | 229374928 |
| മിച്ചം (₹) | 2860768 | 5082570 |

**1-3 ഗ്രാന്റ് വിനിയോഗം**

| ഫണ്ടിനം | മുന്നിരിപ്പ്₹ | അലോട്ട്മെന്റ്/വരവ് ₹ | ആകെ₹ | ചെലവ്₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 0 | 20234000 | 20234000 | 19031680 | 1202320 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 1584000 | 1584000 | 1584000 | 0 |
| വികസന ഫണ്ട്-റ്റി.എസ്.പി. | 0 | 120000 | 120000 | 116976 | 3024 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 9426650 | 9426650 | 7960231 | 1466419 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 2357400 | 2357400 | 2349082 | 8318 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺറ്റൈഡ് ) | 1556599 | 3456605 | 5013204 | 3431391 | 1581813 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ് ഗ്രാന്റ്) | 1843378 | 2513000 | 4356378 | 4356378 | 0 |
| ടോട്ടൽ സാനിറ്റേഷൻ (320100181) | 659783 | 29700 | 689483 | 29700 | 659783 |
| പകർച്ചവ്യാധി നിയന്ത്രണം(320100195) | 204 | 0 | 204 | 0 | 204 |
| ഐ.സി.ഡി.എസ് (320100196) | 2098046 | 919660 | 3017706 | 689838 | 2327868 |
| ശുചിത്വ മിഷൻ ഗ്രാന്റ് (320100198) | 91552 | 0 | 91552 | 0 | 91552 |
| ഹെൽത്ത് ഗ്രാന്റ് (320100202) | 268341 | 810989 | 1079330 | 538566 | 540764 |
| ഹെൽത്ത് ഗ്രാന്റ് (320100204) | 136927 | 348871 | 485798 | 334513 | 151285 |
| പട്ടികജാതി വകുപ്പ് (320200213) | 100000 | 0 | 100000 | 0 | 100000 |
| പട്ടികവർഗ്ഗ വകുപ്പ് (320200214) | 300000 | 0 | 300000 | 0 | 300000 |
| വിമുക്തി (320200301) | 18870 | 0 | 18870 | 0 | 18870 |
| എം.എൽ.എ ഫണ്ട് (320200399)* | 245686 | 0 | 245686 | 0 | 245686 |

| | | | | | |
|---|---|---|---|---|---|
| ബയോ ഡൈവേഴ്സിറ്റി മാനേജ്മന്റ് (320300199) | 320591 | 2443142 | 2763733 | 1941114 | 822619 |
| സമ്പൂർണ്ണ ശുചിത്വം (320300103) | 0 | 62685 | 62685 | 30913 | 31772 |

**1-4 പദ്ധതി അവലോകനം**

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ചെലവ് ശതമാനം | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 194 | 109115354 | 135 | 49997698 | 46 | 59 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഇംപ്ലിമെന്റിംഗ് ഓഫീസർ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം | ആകെ പദ്ധതികൾ | നടപ്പാക്കിയത് | നടപ്പാക്കിയത് % | നടപ്പാക്കാത്തത് |
|---|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 27567184 | 15427072 | 60 | 65 | 43 | 66 | 22 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 1051592 | 896471 | 85 | 10 | 7 | 70 | 3 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8218060 | 5012263 | 61 | 12 | 10 | 83 | 2 |
| കൃഷി ഓഫീസർ | 3985224 | 3510998 | 88 | 10 | 9 | 90 | 1 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 4500000 | 3000000 | 67 | 1 | 1 | 100 | 0 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 630000 | 626299 | 99 | 2 | 2 | 100 | 0 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി/ സി.എച്ച്.സി | 2569733 | 2098914 | 82 | 13 | 8 | 62 | 5 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 330000 | 323747 | 98 | 2 | 2 | 100 | 0 |
| വില്ലേജ് എക്സ്റ്റൻഷൻ | 44671372 | 7874099 | 17 | 17 | 15 | 88 | 2 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | | | | | | |
| വെറ്ററിനറി സർജൻ | 1180000 | 898837 | 76 | 4 | 3 | 75 | 1 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 13819989 | 10019398 | 73 | 53 | 31 | 59 | 22 |
| ഹെഡ്മാസ്റ്റർ , ഗവൺമെൻറ് എൽ.പി.സ്കൂൾ | 292200 | 189600 | 65 | 4 | 3 | 75 | 1 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 300000 | 120000 | 40 | 1 | 1 | 100 | 0 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1651076 | 1651076 | 1651076 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 60352200 | 60352200 | 60352200 | 0 |

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം ചെയ്ത വിവിധ ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 3600 | 5 |
| വാർദ്ധക്യകാല പെൻഷൻ | 15203600 | 1501 |
| കർഷക തൊഴിലാളി പെൻഷൻ | 6130000 | 574 |
| വിധവ പെൻഷൻ | 6795700 | 644 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 234600 | 23 |
| വികലാംഗപെൻഷൻ | 3538800 | 323 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-07-2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5093/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം.**

പതിനഞ്ചംഗ സമിതിയാണ് ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടനയിൽ സെക്രട്ടറി, അസി.സെക്രട്ടറി, 2 ഹെഡ് ക്ലാർക്ക്മാർ, മൂന്ന് സീനിയർ ക്ലാർക്കുമാർ, നാല് ക്ലാർക്കുമാർ,രണ്ട് ഓഫീസ് അറ്റന്റന്റുമാർ, ഡ്രൈവർ, രണ്ട് പാർട്ട് ടൈം സ്വീപ്പർമാർ എന്നിവർ ഉൾപ്പെടുന്നു.

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1) ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്.

2) മിനിട്സ് ബുക്കുകൾ, ബിൽ രജിസ്റ്റർ, വൗച്ചറുകൾ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ജനറൽകമ്മറ്റി മിനിട്ടുകൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല.എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, നിക്ഷേപ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ പോരായ്മകളുണ്ട്. അവയിൽ കാലികവും കൃത്യവുമായി രേഖപ്പെടുത്തലുകൾ നടത്തി സമഗ്രമാക്കിയിട്ടില്ല.

3)വരവ് -ചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്, ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ട്സ് മാന്വൽ ആയിട്ടാണ് നിലവിലും തയ്യാറാക്കുന്നത്

4) വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്. 4 തനതു വരുമാനസ്രോതസുകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

5) വാഹനത്തിന്റെ സൂക്ഷിപ്പിൽ ചട്ടങ്ങൾ പാലിക്കുന്നുണ്ട്. ലോഗ് ബുക്കിൽ ഇന്ധനം നിറയ്ക്കൽ, ഉപഭോഗം, പ്രതിമാസ ക്ലോസിംഗ്, അറ്റകുറ്റപ്പണികൾ തുടങ്ങിയ വിവരങ്ങൾ കാലികമായി രേഖപ്പെടുത്തുന്നു. ഇവയുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ സൂക്ഷിപ്പും തൃപ്തികരമാണ്.

6) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല.

7) വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാൻ ശ്രമം നടന്നെങ്കിലും പ്രവർത്തനകലണ്ടർ പാലിച്ച് നിർവഹണ പ്രക്രിയ മുന്നോട്ടു

കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഗണ്യമായ പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കാനായില്ല.

8) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിക്കുന്ന ആസ്തികളുടെ ജിയോ ടാഗിംഗ് ശരിയായ രീതിയിൽ നടത്തുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

**1-9 2023-24 ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല**

22/03/2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം പഞ്ചായത്ത് ഭരണസമിതി 09/05/2023 ലെ 2/2 തീരുമാനത്തിൽ നികുതി നിരക്കുകൾ താത്കാലികമായി അംഗീകരിച്ചു. ഈ നിരക്കിലാണ് നിലവിൽ നികുതി ഈടാക്കി വരുന്നത്. എന്നാൽ 2023-24 ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് പുതിയതായി നിശ്ചയിക്കപ്പെട്ട താത്കാലിക നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ലയെന്ന് കാണുന്നു.

| വാർഡ് നമ്പർ | ഡോർ നമ്പർ | ഉപ നമ്പർ | കെട്ടിട ഉടമസ്ഥൻ | ഉപയോഗക്രമം | വിസ്തീർണം | നിലവിലെ നിരക്ക് | ഈടാക്കേണ്ട നിരക്ക് |
|---|---|---|---|---|---|---|---|
| 8 | 200 | E | സുമ്മിറ്റ് | മൊബൈൽ ടെലഫോൺ ടവർ | 21.62 | 500 | 600 |
| 3 | 175 | C | സുമ്മിറ്റ് | മൊബൈൽ ടെലഫോൺ ടവർ | 21.62 | 500 | 600 |
| 4 | 1 | A | സെബി സെബാസ്റ്റ്യൻ | പാർപ്പിടാവശ്യം | 258.5 | 6 | 7 |
| 9 | 199 | R | ഫാദർ ജോഷി | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 43.04 | 70 | 90 |
| 9 | 199 | V | ഫാദർ ജോഷി | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 31.33 | 70 | 90 |
| 11 | 473 | A | ദേവസ്യ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ | 12.21 | 30 | 40 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | | | |
| 7 | 111 | A | റോയ് മാത്യു | പാർപ്പിടാവശ്യം | 295.17 | 6 | 7 |
| 12 | 14 | A | ബെന്നി ജോൺ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 19.99 | 30 | 40 |
| 11 | 310 | A | ജോബിൻ ജോസ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 5 | 30 | 40 |
| 5 | 115 | C | മണിക്കുട്ടൻ | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 119.73 | 30 | 40 |
| 12 | 490 | A | സിബിച്ചൻ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 72.77 | 30 | 40 |

ഇപ്രകാരം 01/04/2023 ന ശേഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പഴയ നികുതി നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/24.07.24) ലഭ്യമാക്കിയ മറുപടി പ്രകാരം നികുതി പുനർ നിർണ്ണയിച്ച് ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി നിരക്കുകൾ അന്തിമമായി അംഗീകരിക്കുന്ന മുറക്ക് നികുതി നിരക്കിൽ വ്യത്യാസമുണ്ടാകുന്ന പക്ഷം ആയതും കൂടി പരിഗണിച്ച് നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരമറിയിക്കേണ്ടതാണ്. സമാനമായ രീതിയിൽ വസ്തു നികുതി പരിഷ്കരണത്തിൽ നിന്ന് മറ്റ് കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് കണ്ടെത്തേണ്ടതും അന്തിമമായി അംഗീകരിക്കുന്ന നികുതി നിരക്കിൽ പുനർ നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

**1-10 തറ വിസ്തീർണ്ണം പരിഗണിക്കാതെ നികുതി നിർണ്ണയിച്ച**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

തറ വിസ്തീർണം ( Plinth Area ) അടിസ്ഥാനമാക്കി നികുതി നിർണയിച്ച താഴെ പറയുന്ന, 100 ച. മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കി ഈടാക്കി വരുന്നത് .

| **വാർഡ് നമ്പർ** | **ഡോർ നമ്പർ** | **ഉപനമ്പർ** | **കെട്ടിട ഉടമസ്ഥൻ** | **ഉപയോഗക്രമം** | **വിസ്തീർണം** |
|---|---|---|---|---|---|
| 11 | 347 | B | ശ്രീകുമാർ | വാണിജ്യാവശ്യം | 62.7 |
| 11 | 347 | C | | | 82.27 |
| | | | | **ആകെ** | **144.97** |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി(നം 10,24/07/2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.നികുതി പുനർ നിർണ്ണയിക്കുവാനുള്ള നടപടി സ്വീകരിച്ച് കുറവ് വന്ന നികുതി ഈടാക്കി അറിയിക്കേണ്ടതാണ്. ഇതുപോലെ 100 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ളതും, വാണിജ്യാവശ്യത്തിന് ഉപയോഗിക്കപ്പെടുന്നതുമായ മറ്റ് കെട്ടിടങ്ങൾ കുറവ് നികുതി നിരക്കിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും അത്തരത്തിലുള്ളവ ഉണ്ടെങ്കിൽ അവയ്ക്ക് ബാധകമായ നികുതി നിരക്കിൽ ഉൾപ്പെടുത്തി തുക ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-11 കെട്ടിടങ്ങൾ കാഞ്ചിയാർ പഞ്ചായത്തിൽ നിന്നും കാമാക്ഷി പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.**

പഞ്ചായത്ത് കമ്മിറ്റിയുടെ 19/7/2023ലെ 5/1 നമ്പർ തീരുമാന പ്രകാരം കാമാക്ഷി പഞ്ചായത്തിൽ കാൽവരി മൗണ്ട് ടൂറിസം മേഖല ഉൾപ്പെടുന്ന പ്രദേശം കാഞ്ചിയാർ വില്ലേജിന്റെ പരിധിയിൽ വരുന്നതാണെങ്കിലും പ്രസ്തുത പ്രദേശം കാമാക്ഷി പഞ്ചായത്തിനുള്ളിൽ വരുന്നതാണെന്നും എന്നാൽ ടി പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് കാഞ്ചിയാർ പഞ്ചായത്ത് ആണ് നമ്പർ നൽകിയിരിക്കുന്നതെന്നും ആയത് മൂലം കാമാക്ഷി ഗ്രാമപഞ്ചായത്ത് വളരെയേറെ സാമ്പത്തിക നഷ്ടമാണ് ഉണ്ടാകുന്നതെന്നും ആയതിനാൽ പ്രസ്തുത കെട്ടിടങ്ങൾ കാഞ്ചിയാർ പഞ്ചായത്തിൽ നിന്നും കാമാക്ഷി പഞ്ചായത്തിലേക്ക്

മാറ്റണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് അഭ്യർത്ഥിച്ച് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12,24/07/24) ലഭ്യമാക്കിയ മറുപടി പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങൾ കാഞ്ചിയാർ പഞ്ചായത്തിൽ നിന്നും കാമാക്ഷി പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-12 വസ്തു നികുതി പരിഷ്കരണം-മേഖല തരം തിരിക്കൽ, വിവരശേഖരണം, ഡാറ്റാ എൻട്രി നടപടികളിൽ കാലതാമസം

2011 ലെ കേരള പഞ്ചായത്ത്‌രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013 ലെ ഭേദഗതി ചട്ടങ്ങൾ, വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങൾ, ഉത്തരവുകൾ എന്നിവ ആധാരമാക്കി പരിഷ്കരിച്ച വസ്തു നികുതി സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023-ൽ 5% അധികനിരക്കിൽ പുതുക്കി നിശ്ചയിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**2023- ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. വകുപ്പ് 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ( സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 - വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നിതനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/തീ.10-4-2023) - കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം എന്നിവ കാണുക).

2023 ലെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച പ്രധാന നിർദ്ദേശങ്ങൾ

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം | എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണ്. | |
| കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്. സമയപരിധി – 15-05-2023-നകം | ഫോറം 9B യിൽ കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരശേഖരണം സമഗ്രമായി പൂർത്തീകരിച്ചിട്ടില്ല. ലഭ്യമായവയിൻമേലോ ലഭ്യമാക്കാത്തവർക്കെതിരെയോ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ | നിയമനം സംബന്ധിച്ച് ഭരണസമിതി തീരുമാനമെടുത്തിട്ടില്ല. |

| | |
|---|---|
| നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | |
| വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | 5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് 09/05/2023-ലെ 2(2) നം. തീരുമാനപ്രകാരം കരട് വിജ്ഞാപനം 23/05/2023 ന് പുറപ്പെടുവിച്ച് പൊതു ജനങ്ങൾക്ക് ആക്ഷേപം അറിയിക്കുന്നതിന് ഒരു മാസം സമയം അനുവദിച്ചിരുന്നു. അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല. |
| വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | കാമാക്ഷി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 23.09.2023 തീയതിയിലെ 1(2) നമ്പർ തീരുമാന പ്രകാരം പ്രാഥമിക മേഖലയായിരുന്ന ഏതാനും പ്രാദേശങ്ങളെ ദ്വിതീയ മേഖലകളാക്കി താത്ക്കാലികമായി നിശ്ചയിച്ചിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടം 7 വും, ബഹു സർക്കാരിൻറെ 22.03.2023 ലെ സ.ഉ (കൈ) 77/2023 ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരവും പ്രാഥമ മേഖലയിൽ നിന്നും പ്രദേശങ്ങളെ ഒഴിവാക്കുന്നതിന് ബഹു സർക്കാരിൻറെ മുൻകൂർ അനുമതി ആവശ്യമുണ്ട്.ആയതിനായുള്ള ഗ്രാമ പഞ്ചായത്ത്കമ്മിറ്റി തീരുമാനവും വിശദമായ പ്രപ്പോസലും സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) വസ്തു നികുതിയുടെ പരിഷ്കരണത്തിന്റെ ഭാഗമായി വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്നകെട്ടിടങ്ങളുടെ നികുതി നിർണ്ണത്തിന് ബാധകമാക്കേണ്ട മേഖലകളുടെ തരംതിരിക്കൽ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | എസ്.സി.ബി ,ഉദയഗിരി | 2 |
| 2 | ആപ്കോസ്, തങ്കമണി | 1&2 |
| 3 | സരസ്വതി വിദ്യാപീഠം | 2 |
| 4 | ആപ്കോസ്, കാൽവരിമൌണ്ട് | 1&2 |
| 5 | മലബാർ കേറ്ററിംഗ്,തങ്കമണി | 2 |
| 6 | സഹ്യ ഫാർമേഴ്സ് സൊസൈറ്റി | 2 |
| 7 | മെറിൻ ഫുഡ്സ്,തങ്കമണി | 2 |
| 8 | ധനചക്ര ഫിനാൻസ്,തങ്കമണി | 1&2 |
| 9 | മാക്സ് ബാങ്കേഴ്സ് ,ഉദയഗിരി | 1&2 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/തീ. 24.07.2024) ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട് . തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ഉപയോഗ ക്രമത്തിനനനുസൃതമായി വസ്തു നികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ചില കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഉപയോഗക്രമവും വാണിജ്യ ആവശ്യത്തിന് സമർപ്പിച്ച ലൈസൻസ് അപേക്ഷയിൽ പരാമർശിക്കുന്ന ഉപയോഗക്രമവും തമ്മിൽ പൊരുത്തക്കേടുള്ളതായി കാണുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | സഞ്ചയ പ്രകാരമുള്ള ഉപയോഗ ക്രമം | ലൈസൻസ് അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം | ഉടമയുടെ പേര് | വിസ്തീർണം |
|---|---|---|---|---|---|
| 1 | 14/8 | പാർപ്പിടാവശ്യം | വാണിജ്യം | ഫാ. മാത്യു | 110 ച മീ |
| 2 | 14/10 | കൺവെൻഷൻ സെന്റർ | വാണിജ്യം | ഫാ. മാത്യു | 170ച മ |

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/24.07.2024) മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് വിവരം അറിയിക്കേണ്ടതാണ്. വിവിധ ആവശ്യങ്ങൾക്കുള്ള ലൈസൻസിന് ലഭിക്കുന്ന അപേക്ഷകളിൽ പരാമർശിക്കുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം സഞ്ചയയിൽ ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പരിശോധിച്ച് നികുതി നിർണയം ചട്ടപ്രകാരമുള്ളത് തന്നെയെന്ന് ഉറപ്പാക്കാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 അനധികൃത നിർമ്മാണമാണത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്

വസ്തു നികുതി നിർണ രേഖകൾ പ്രകാരം 5/202/A എന്ന കെട്ടിടത്തിന്റെ (ക്ലൗഡി കോർട്ട് ഹോട്ടൽ) വസ്തു നികുതി ഈടാക്കി വരുന്നുണ്ട്. സ്ഥാപനത്തിന്റെ വെബ്സൈറ്റ് പരിശോധിച്ചതിൽ നിലവിൽ കെട്ടിടത്തിനോട് ചേർന്ന് സ്വിമ്മിംഗ് പൂൾ പൂർത്തിയാക്കിയ നിലയിൽ കാണപ്പെടുന്നുണ്ട്. ചുവടെ ചേർത്തിട്ടുള്ള ചിത്രം കാണുക.



പ്രസ്തുത കെട്ടിട ഭാഗത്തിന് വസ്തു നികുതി നിർണയിച്ചതിന്റെ രേഖകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. പ്രസ്തുത നിർമാണത്തിനുള്ള പെർമിറ്റ് എടുത്തതിന്റെ വിശദാംശങ്ങളും, വസ്തു നികുതി നിർണയിച്ചതിന്റെ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി(നം 15,24/07/2024)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച നിർമ്മാണ പ്രവർത്തി സംബന്ധിച്ച് സെക്രട്ടറി അടിയന്തിരമായി പരിശോധന നടത്തേണ്ടതും അനധികൃത നിർമ്മാണമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം 1994 ലെ കേരള പഞ്ചായത്തിരാജ് നിയമം സെക്ഷൻ 235 ഡബ്ല്യൂ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ പരിധിയിൽ അനധികൃത

നിർമ്മാണങ്ങൾ നടക്കുന്നില്ല എന്നുറപ്പാക്കേണ്ടതിലേക്കായി ഫീൽഡ്തല പരിശോധനകൾ നടത്തേണ്ടതാണ്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21 പ്രകാരമുള്ള പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റിന്റെ സാധ്യതകൾ ഉപയോഗിച്ച് കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകൾ പരിശോധിക്കേണ്ടതും നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-16 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. പഞ്ചായത്ത് പരിധിയിൽ 2023-24 വർഷം ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് ഉണ്ടെങ്കിലും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിച്ചതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | കാർമൽ ഹോമിയോ ക്ലിനിക്, തങ്കമണി |
| 2 | കാർമൽ ഡെന്റൽ ക്ലിനിക്, തങ്കമണി |

രജിസ്ട്രേഷൻ നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/24.07.2024) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്തതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളെ രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, നിയമപ്രകാരമല്ലാതെ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-17 പെർമിറ്റ് രജിസ്റ്റർ അപൂർണ്ണം

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ പഞ്ചായത്ത് ഓഫീസിൽ നിന്ന് ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററിൽ ഈടാക്കുന്ന പെർമിറ്റ് ഫീ യുടെ വിവരങ്ങൾ ഉൾപ്പെടുത്താത്തതായി കാണുന്നു. ഇക്കാരണത്താൽ കൃത്യമായ നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കിയാണോ പെർമിറ്റ് അനുവദിച്ചതെന്ന്

വ്യക്തമല്ല.മാത്രമല്ല പെർമിറ്റ് രജിസ്റ്ററിന്റെ അവസാനം സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

പെർമിറ്റ് ഫീയുടെ ഒടുക്ക വിവരങ്ങൾ ആയതിന്റെ കോളത്തിൽ ചേർക്കേണ്ടതാണ്. കൂടാതെ രജിസ്റ്ററിന്റെ അവസാന പേജിൽ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിട നമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-18 വാടക സംബന്ധിച്ച അപാകതകൾ**

1)2023-24 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പ്രകാരമുള്ള വരവ് പരിശോധിച്ചതിൽ വാടകയ്ക്ക് നൽകിയ മുറികളുടെയും വാടക കുടിശ്ശിക തുകകളുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | കാലയളവ് | ആകെ വാടക കുടിശ്ശിക |
|---|---|---|---|---|
| ബസ് സ്റ്റാൻഡ് കെട്ടിടം | | | | |
| 1 | ഷാജു ജോസഫ് | 3879 | 05/2023 മുതൽ 03/2024 വരെ | 42669 |
| 2 | കെ.എസ് മോഹനൻ | 4034 | 04/2023 മുതൽ 03/2024 വരെ | 48408 |
| | | | **ആകെ** | **91007** |

2) 2023-24 സാമ്പത്തിക വർഷം വാടകക്കാരുമായി കരാറിലേർപ്പെട്ടതിന്റെ രേഖയായി വ്യവസ്ഥകളൊന്നും തന്നെ എഴുതി ചേർക്കാത്ത ബ്ലാങ്ക് മുദ്രപത്രങ്ങളാണ് ലഭ്യമാക്കിയത്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/24/7/24) അപാകതകൾ പരിഹരിച്ച് വിവരമറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-19 കോക്ലിയർ ഇംപ്ലാന്റേഷൻ-യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല**

| | |
|---|---|
| പ്രോജക്ട്നം. | എസ്.ഒ 164/24 (186/23) |
| പ്രോജക്ട് | കോക്ലിയർ ഇംപ്ലാന്റേഷൻ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ₹100000 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹50000/- |

മേൽ പദ്ധതിയിൽ ആദിദേവ് എസ് നായർ എന്ന കുട്ടിയുടെ കോക്ലിയർ ഇംപ്ലാന്റ് അറ്റകുറ്റ പണികൾക്കായി നിർവ്വഹണ ഏജൻസിയായ കേരള ഹെൽത്ത് ഏജൻസിക്ക് ബിൽ നം. 23101252010901476343/തീ. 24.03.2024 പ്രകാരം ₹50,000/- കൈമാറിയിട്ടുണ്ട്. പദ്ധതി തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/24.07.2024) മറുപടി ലഭ്യമായില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ ₹50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-20 MCF-ന് ഓട്ടോ റിക്ഷാ വാങ്ങൽ - പദ്ധതി പൂർത്തിയായില്ല.**

| | |
|---|---|
| പദ്ധതി | MCF-ന് ഓട്ടോ റിക്ഷാ വാങ്ങൽ (184/24) |
| അടങ്കൽ | 528400/- |
| ചെലവ് | 20000/- (BRN23101252013001496560/24.3.2024) (വികസന ഫണ്ട് ജനറൽ)<br>158400/- (22300786/29-02-2024 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>350000/- (22301032/29-03-2024) (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>------<br>528400/- |
| നിർവഹണം | സെക്രട്ടറി |

ഹരിതകർമ്മ സേനയ്ക്ക് മാലിന്യ നിർമ്മാർജനത്തിന് ഇലക്ട്രിക് പെട്ടി ഓട്ടോ വാങ്ങുന്നതാണ് പദ്ധതി. അതിൻപ്രകാരം GeM പോർട്ടലിൽനിന്നും ഫ്ലോറെറ്റ് ടെക്നോളജീസ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ഓട്ടോറിക്ഷ ലഭ്യമാക്കുന്നതിന് 528400/- നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഓട്ടോറിക്ഷ ലഭ്യമായിട്ടില്ല. ബിഡ് ഡോക്കുമെന്റ്സ് പ്രകാരം (GEM/2023/B/4055709/07.10.23) ബിഡ് തീയതിയായ 17.10.2023 മുതൽ 120 ദിവസമാണ് കാലാവധി. അതിൻപ്രകാരം 15.01.2024-ൽ കാലാവധി അവസാനിച്ചിട്ടുള്ളതാണ്. 31.10.2023-ൽ സ്ഥാപനവുമായി ഏർപ്പെട്ട കരാർ (GEMC-511687796314176/31.10.2023), ബിഡ് എന്നിവ പ്രകാരം എല്ലാ അനുബന്ധ സാധനങ്ങളും, രജിസ്റ്ററേഷനും, ഇൻഷ്വറൻസും ഉൾപ്പെടെ 528000/- ആകുന്നു. എന്നാൽ മേൽ ബില്ലുകൾ പ്രകാരം 528400/- നൽകിയിട്ടുണ്ട്.

താമസംവിനാ MCF-ലേയ്ക്ക് ഓട്ടോറിക്ഷ ലഭ്യമാക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ 528400/- യുടെ ചെലവ് തടസപ്പെടുത്തുന്നു.

**1-21 തങ്കമണി ബസ് സ്റ്റാന്റിന് സ്ഥലം വാങ്ങൽ – പദ്ധതി പൂർത്തിയായില്ല.**

| | |
|---|---|
| പദ്ധതി | തങ്കമണി ബസ് സ്റ്റാന്റിന് സ്ഥലം വാങ്ങൽ (189/24) |
| അടങ്കൽ | 1756000/- (വികസന ഫണ്ട് - ജനറൽ), 1044000/- (തനതുഫണ്ട്) ആകെ 2800000/- |
| ചെലവ് | 1756000/- (വികസന ഫണ്ട് - ജനറൽ) 231012520130011475 94/31.1.2024,<br>326172/- (തനതുഫണ്ട്) വൗച്ചർ നം.22300717/17-01-2024<br>ആകെ 2082172/- |
| നിർവഹണം | സെക്രട്ടറി |

തങ്കമണിയിൽ നിലവിലുള്ള ബസ് സ്റ്റാന്റിന് സ്ഥലപരിമിതിയുള്ളതിനാൽ ആ സ്ഥലത്തിന് ചേർന്ന് കിടക്കുന്ന സ്ഥലംകൂടി വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ സ്ഥലമെടുപ്പ് പൂർത്തിയായിട്ടില്ല.

സ്പെഷ്യൽ താഹസിൽദാർ (എൽ.എ.)യുടെ 29.12.23-ലെ ബി-1031/23 പ്രകാരം ബസ് സ്റ്റാൻ്റ് വികസനത്തിന് 5.28 ആർ സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നതിന് ആകെ 8806644/- 5% കണ്ടിജൻസി ചാർജായ 326172/-, 30% എസ്റ്റാബ്ലീഷ്മെന്റ് ചാർജായ 1957032/- BIMS-വർക്ക് ഡിപ്പോസിറ്റ് അക്കൗണ്ടിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം കണ്ടിജൻസി ചാർജായി 326172/യും എസ്റ്റാബ്ലീഷ്മെന്റ് ചാർജായി 1756000/- യും സ്പെഷ്യൽ തഹസിൽദാർ (എൽ എ) തൊടുപുഴയുടെ പേരിൽ 8443-00-117-99-00-00 ഹെഡിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രകാരമുള്ള സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായിട്ടില്ല. സ്ഥലമെടുപ്പ് പൂർത്തിയാക്കി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തി അറിയിക്കേണ്ടതാണ്.

**1-22 ഇൻഡോർ സ്റ്റേഡിയത്തിന് സ്ഥലം വാങ്ങൽ - അപാകതകൾ**

| | |
|---|---|
| പദ്ധതി | ഇൻഡോർ സ്റ്റേഡിയം - സ്ഥലം വാങ്ങൽ (85/24) |
| അടങ്കൽ | 650000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 649915/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

മേൽ പദ്ധതി പ്രകാരം തങ്കമണി ടൗണിനോട് ചേർന്ന് നിലവിലുള്ള വോളിബോൾകോർട്ടിന് സ്ഥലം പോരാതെ വരികയാൽ കൂടുതൽ സ്ഥലം വാങ്ങുന്നതാണ് പദ്ധതി. പദ്ധതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.

വാങ്ങുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ആവശ്യമായ വിസ്തൃതിയുണ്ടെന്നും അനുയോജ്യമായ സ്ഥലമാണെന്നുമുള്ള വിദഗ്ദ പഠനം നടത്തിയതായി കാണുന്നില്ല. ഇത് ദീർഘ ചതുരാകൃതിയിൽ വീതി കുറഞ്ഞ സ്ഥലമാകയാൽ സ്റ്റേഡിയനിർമ്മാണത്തിന് സാധ്യമാണോയെന്ന പഠനവും നടത്തിയതായി കാണുന്നില്ല. ഇൻഡോർ സ്റ്റേഡിയത്തിന് സ്ഥലം

വാങ്ങൽ മാത്രമാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. തുടർന്ന് എപ്രകാരമാണ് പദ്ധതി പൂർത്തിയാക്കുന്നതെന്ന് വ്യക്തമല്ല. ഇപ്പോൾ വാങ്ങിയ സ്ഥലത്തിനും നലവിലുണ്ടായിരുന്ന സ്ഥലത്തിനുമിടയിലായി മധ്യത്തിലൂടെ വെള്ളമൊഴുകുന്ന ഒരു കനാലുണ്ട്. ഈ സ്ഥലത്തേയ്ക്ക് പ്രവേശിക്കുന്നത് സ്വകാര്യ വാണിജ്യ കെട്ടിടത്തിന്റെ ഇടയിലൂടെയുള്ള ചെറിയ റോഡാണ്. കോർട്ടിനോട് ചേർന്ന് വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലം ലഭിച്ചിട്ടില്ല. 23.09.2023-ലെ കമ്മറ്റി തീരുമാനപ്രകാരം 03 ആർ 56.7 ചതുരശ്ര മീറ്റർ സ്ഥലമാണ് വാങ്ങുവാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 02 ആർ 02 ചതുരശ്ര മീറ്റർ സ്ഥലമാണ് വാങ്ങിയിരിക്കുന്നത്. ദീർഘവീക്ഷണത്തോടുകൂടിയല്ല പദ്ധതി നടപ്പാക്കിയിരിക്കുന്നത് എന്ന് കാണുന്നു. ഭീമമായ തുകകൾ ആവശ്യമായി വരുന്ന പദ്ധതി തയ്യാറാക്കുമ്പോൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.24/26.7.24 നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

### 1-23 നാപ്കിൻ ഡിസ്ട്രോയർ യൂണിറ്റ് - അപാകതകൾ

| | |
|---|---|
| പദ്ധതി | നാപ്കിൻ ഡിസ്ട്രോയർ യൂണിറ്റ് (187/24) |
| അടങ്കൽ | 177000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവ് | 177000/- (വൗച്ചർ നം.22301082/30-03-2024)<br><br>(44250/- X 4 Nos.) |
| നിർവഹണം | സെക്രട്ടറി |

സാനിറ്ററി നാപ്കിൻ ഡിസ്ട്രോയർ യൂണിറ്റ് വാങ്ങി പഞ്ചായത്ത് ഓഫീസ്, സി.എച്ച്.സി, തങ്കമണി സർക്കാർ ഹൈസ്കൂൾ, പഞ്ചായത്ത് പരിധിയിലുള്ള മറ്റു സ്കൂളുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതാണ് പദ്ധതി. പദ്ധതി പ്രകാരം യോങ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും നാല് യൂണിറ്റ് നാപ്കിൻ ഡിസ്ട്രോയർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള നാപ്കിൻ യൂണിറ്റ് ഫലപ്രദമായി ഇൻസ്റ്റാൾ ചെയ്യാൻ സാധിച്ചിട്ടില്ല. ആയത് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഈ യൂണിറ്റിന് നാളിതുവരെയായി വൈദ്യുതി കണക്ഷൻ കൊടുത്തിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 44250/- ചെലവ് തടസ്സപ്പെടുത്തുന്നു. യൂണിറ്റ് പ്രവർത്തനസജ്ജമാക്കി അറിയിക്കേണ്ടതാണ്.

### 1-24 ജനറൽ കമ്മറ്റി മിനിട്ട്സ് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് ( യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം

യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്.

അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

നിലവിൽ സകർമ്മ സോഫ്റ്റ് വെയർ മുഖേനയാണ് യോഗ നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നത്. എന്നാൽ 2023-24വർഷം നടന്ന എല്ലാ യോഗങ്ങളുടെയും എല്ലാ മിനിട്ട്സുകൾ പ്രസ്തുത സമയ ക്രമം പാലിക്കാതെയാണ് അഗീകരിച്ചിരിക്കുന്നത്. മിനിട്ട്സുകൾ രേഖപ്പെടുത്തി കൃത്യസമയത്ത് പ്രസിഡണ്ടിന് അയച്ച് നൽകുകയോ ലഭിച്ച മിനിട്ട്സ് പ്രസിഡണ്ട് സമയബന്ധിതമായി അംഗീകരിക്കുകയോ ചെയ്യുന്നില്ല. മൂന്ന് മാസങ്ങൾങ്ങൾ വരെ മിനിട്ട്സ് അംഗീകരിക്കുന്നതിന് സമയമെടുത്തതായി കാണുന്നു. ഇത്തരത്തിൽ മിനിട്ട്സുകൾ അംഗീകരിക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.22/26.07.2024നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | യോഗതീയതി | അംഗീകാരത്തിന് പ്രസിഡണ്ടിന് അയച്ച തീയതി | പ്രസിഡണ്ട് അംഗീകരിച്ച തീയതി |
|---|---|---|---|
| 1 | 13.04.2023 | 05.06.2023 | 13.06.2023 |
| 2 | 19.06.2023 | 05.07.2023 | 15.09.2023 |
| 3 | 25.08.2023 | 10.10.2023 | 10.10.2023 |
| 4 | 23.09.2023 | 06.10.2023 | 06.10.2023 |
| 5 | 08.11.2023 | 06.01.2024 | 06.01.2024 |
| 6 | 29.02.2024 | 15.05.2024 | 15.05.2024 |
| 7 | 11.03.2024 | 16.05.2024 | 16.05.2024 |

ഇത്തരത്തിൽ കാലതാമസം വരുത്തുന്നത് തീരുമാനങ്ങളുടെ സുതാര്യതയ്ക്ക് ഭംഗം വരുത്താൻ സാധ്യതയുള്ളതിനാൽ സമയബന്ധിതമായി മിനിട്ട് അംഗീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-25 ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ജിയോ ടാഗിംഗ് നടത്തുന്നത് ശരിയായ വിവരങ്ങളല്ല.**

ധനകാര്യകമ്മീഷൻ ഗ്രാന്റുകളുടെ വിനിയോഗത്തിന് എല്ലാ നിർമ്മാണപ്രവൃത്തികളിലും പ്രവൃത്തി നടക്കുന്ന സ്ഥലത്തു നിന്ന് നിർമ്മാണം ആരംഭിക്കുന്ന ഘട്ടത്തിലും പുരോഗമിക്കുന്ന ഘട്ടത്തിലും

പൂർത്തിയാകുന്ന ഘട്ടത്തിലും ജിയോ ടാഗിംങ് നടത്തണം. ആയതിന് ശേഷം മാത്രമാണ് ബില്ല് തയ്യാറാക്കി പണം മാറി നൽകാവുന്നത് എന്ന് സ. ഉ.(സാധാ) നം. 1427/2021/തസ്വഭവ തീയതി.29.07.2021ൽ നിർദ്ദേശിക്കുന്നുണ്ട്. പ്രവൃത്തി ചെയ്യുന്നതിനായി മാത്രം പ്രോജക്ട് അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുമുണ്ട്. എന്നാൽ ഇ- ഗ്രാമസ്വരാജിൽ ജിയോ ടാഗിംങ് പരിശോധിച്ചതിൽ വളരെ ആകെ 35 ജിയോ ടാഗിംങ് മാത്രമാണ് നടത്തിയിട്ടുള്ളത് എന്നും പ്രവൃത്തി നടക്കുന്ന സൈറ്റിൽ നിന്നുള്ള ജിയോ ടാഗിംങ്ങിന് പകരം രേഖകൾ ഉൾപ്പെടുത്തിയും, പ്രവൃത്തിയുടെ ഒരേ ഘട്ടം തന്നെ വിവിധ വശങ്ങളിൽ നിന്നുള്ള ഫോട്ടോ ഉൾപ്പെടുത്തിയും വിവിധ ഘടകസ്ഥാപനങ്ങളിൽ കാരറുകാരൻ സ്ഥാപിക്കേണ്ട ഉപകരണങ്ങൾ ഓഫീസിൽ വാങ്ങിവച്ച മൂന്ന് വ്യത്യസ്ഥ ഫോട്ടോകൾ ഉൾപ്പെടുത്തിയുമൊക്കെ ജിയോ ടാഗിംങ് നടത്തിയിരിക്കുന്നതായി കാണാൻ സാധിച്ചു. ഉദാഹരണമായി അമ്പലമേട് അംഗൻവാടി കുടിവെള്ള പദ്ധതി, കരിക്കിൻമേട് സ്കൂൾ പടി കുടിവെള്ള പദ്ധതി എന്നിവയ്ക്ക് ട്രഷറി ബില്ലിന്റെ പകർപ്പും,സോളിഡ് വെയ്റ്റ് മാനേജ്മെന്റിന്റെ പ്ലിന്ത് ലെവലിൽ രണ്ട് പൈപ്പ് കടന്ന് പോകുന്ന ഫോട്ടോയും,പൈപ്പ് ലെവൽ എക്സ്റ്റെൻഷൻ പദ്ധതിയിൽ മൂന്ന് പിവിസി പൈപ്പുകൾ കടന്ന് പോകുന്ന മൂന്ന് വ്യത്യസ്ത ആങ്കിളിൽ നിന്നുള്ള ഫോട്ടോകളും വിവിധ ഘട്ടങ്ങളായി കാണിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നമ്പർ 25/26.07.2024 ന് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി നടത്തുന്നസ്ഥലങ്ങളിൽ പോയി ശരിയായ ഘട്ടങ്ങളിലെ ജിയോ ടാഗിംങ് നടത്തുന്നതിന് സെക്രട്ടറി കർശന നിർദ്ദേശം നൽകേണ്ടതും മോണിട്ടറിംഗ് നടത്തേണ്ടതുമാണ്. തുടർന്ന് ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-26 കാർബൺ ന്യൂട്രൽ പഞ്ചായത്ത് - രേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 164/23, കാർബൺ ന്യൂട്രൽ പഞ്ചായത്ത് |
| നിർവ്വഹണം | കൃഷി ഓഫീസർ |
| ഫണ്ടിനം | 200000/200000 |
| ബിൽ നം/തീയതി, തുക | 2310125201130010973 1/20.5.23, ₹200000/- |

മേൽ പദ്ധതി പ്രകാരം സോളാർ പാനൽ ബാറ്ററി, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയ ഇനത്തിൽ യുണൈറ്റഡ് ഗ്രീൻ എനർജി സിസ്റ്റംസ്, കരിമ്പൻ എന്ന സ്ഥാപനത്തിന് ₹200000/- നൽകിയിട്ടുണ്ട്. പദ്ധിതിയുടെ ടെണ്ടർ വിശദാംശംങ്ങൾ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി 2/23-7-24 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹200000/- ചെലവ് തടസ്സപ്പെടുത്തുന്നു.

**1-27 HMC കണക്കുകൾ സമയബന്ധിതമായി പരിശോധനയ്ക്ക് ലഭ്യമാക്കുന്നില്ല**

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 173-എ വകുപ്പ് പ്രകാരം പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. അതനുസരിച്ച് 23.08.2003-ലെ ജി.ഒ.(പി.).259/03/തസ്വഭവ. (എസ്.ആർ.ഒ. നമ്പർ 837/03) എന്ന വിജ്ഞാപനപ്രകാരം 2003-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ അതിലംഘിച്ച് ഇതേ പേരോടുകൂടി 2010-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ച (15.06.2010-ലെ ജി.ഒ.(എം.എസ്.)125/2010/എൽ.എസ്.ജി.ഡി.(എസ്.ആർ.ഒ. നമ്പർ 598/10) പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(1)ലൂടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്.

കാമാക്ഷി ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ വാർഷികകണക്കുകളുടെ ഓഡിറ്റ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആരോഗ്യസ്ഥാപനം | അവസാനമായി ഓഡിറ്റ് നടന്ന കാലയളവ് | വാർഷികകണക്ക് ലഭ്യമാക്കാത്തവർഷം |
|---|---|---|
| എഫ്. എച്ച് സി, കാമാക്ഷി | 2022-23 | 2023-24 |
| ഗവ. ഹോമിയോ ഡിസ്പെൻസറി, കാമാക്ഷി | - | നാളിതുവരെ കണക്കുകൾ ലഭ്യമാക്കിയിട്ടില്ല |
| ഗവ. ആയുർവേദ ഡിസ്പെൻസറി, കാമാക്ഷി | 2022-23 | 2023-24 |

പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-28 ഭവന പുനരുദ്ധാരണം - നിർമ്മാണം പൂർത്തിയാക്കിയട്ടില്ല.**

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ മുൻകൂർ നൽകിയിട്ടും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| ക്രമ | പദ്ധതി നം, പേര് | ഫണ്ടിനം | അടങ്കൽ/ചെലവ് | ബിൽ നം/തീയതി | ഗുണ | നൽകിയ |
|---|---|---|---|---|---|---|

| നം | | | | | ഭോക്താവിന്റെ പേര് | തുക |
|---|---|---|---|---|---|---|
| 1 | വീട് പുനരുദ്ധാരണം - എസ്.സി.പി | എസ്.സി.പി | 525000/486209 | 23101252010701177951/ 6.2.24 | രഘുനാഥൻ സി ജി | 37500 |
| 2 | അതിദാരിദ്ര്യം വീട് മെയിന്റനൻസ് | വികസന ഫണ്ട് - ജനറൽ | 300000/200000 | 23101252010701058707/ 11.1.24 | തങ്കമണി ശശി | 50000 |
| 3 | അതിദാരിദ്ര്യം വീട് മെയിന്റനൻസ് | വികസന ഫണ്ട് - ജനറൽ | 300000/200000 | 23101252010701156261/ 2.2.24 | അമ്മിണി ജോസഫ് | 50000 |

മേൽ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയട്ടില്ലാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി (19/26-7-2024) നൽകിയില്ല. ഭവന പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-29 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.**

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ ഹോമിയോ |
| പദ്ധതി നമ്പർ, പേര് | 18/24, ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ഫണ്ടിനം | വികസന ഫണ്ട് - നോൺ റോഡ് |
| അടങ്കൽ/ചെലവ് | 300000/300000 |
| ബിൽ നമ്പർ/തീയതി | 23101252011100858594/28.11.23 |

കമാക്ഷി ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിനായിട്ടാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് ₹300000/- നൽകിയിട്ടുണ്ട്. ഹോംകോയിൽ നിന്നും ഇൻവോയിസ് നമ്പർ LF-3010/21.1.2024 പ്രകാരം ₹123912/- ടെ മരുന്ന് മാത്രമാണ് ലഭ്യമായിരിക്കുന്നത്. അവശേഷിക്കുന്ന ₹176088/- മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-30 മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം**

**1. ആമുഖം**

കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് മാലിന്യ സംസ്കരണം. ജൈവ , അജൈവ മാലിന്യങ്ങൾ , ഖര , ദ്രവ , വാതക മാലിന്യങ്ങൾ എന്നിങ്ങനെ വിവിധ

തരം മാലിന്യങ്ങൾ ഉണ്ടെങ്കിലും കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ നിലവിലെ സ്ഥിതി പരിഗണിക്കുമ്പോൾ ദ്രവ, വാതക മാലിന്യങ്ങൾ ഗൗരവതരമായ ഒരു പ്രശ്നമല്ല. നിലവിലെ അവസ്ഥയിൽ ജൈവ, അജൈവ ഖര മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ആണ് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിയേണ്ടത്. ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കേണ്ടത്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങളുടെ സംസ്കരണമാണ് നിലവിൽ ഗ്രാമപ്പഞ്ചായത്ത് നേരിടുന്ന ഗൗരവമായ വെല്ലുവിളി. സംസ്ഥാനത്തിന്റ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി അജൈവ മാലിന്യ നിർമാർജ്ജനം ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊലൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിനിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. നവകേരള നിർമാണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്റ്റുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. 15 വാർഡുകൾ ഉൾക്കൊള്ളുന്നതും 32.88 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ളതുമായ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ ആകെ 6523 വീടുകളും 1141 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. ആകെ ജനസംഖ്യ 22513 ആണ്. 20 ഹരിതകർമ്മസേനാംഗങ്ങളാണ് മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നത്. ലഭ്യമാക്കിയ

കണക്കുകൾ പ്രകാരം വീടുകളും മുഴുവൻ വാണിജ്യ സ്ഥാപനങ്ങളും മാലിന്യ പരിപാലന പ്രക്രിയയുമായി സഹകരിക്കുന്നുണ്ട്. എന്നാൽ ക്ലീൻ കേരള കമ്പനി സമയബന്ധിതമായി ലോഡ് നീക്കം ചെയ്യാത്തതിനാൽ മാലിന്യ ശേഖരണത്തിനായി തയ്യാറാക്കിയിട്ടുള്ള കലണ്ടർ പ്രകാരം മാലിന്യം ശേഖരിക്കുന്നതിന് സാധിക്കുന്നില്ല. മാലിന്യം നീക്കം ചെയ്യുന്ന കാര്യത്തിൽ ക്ലീൻ കേരള കുറ്റകരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്. എം.സി.എഫ്. പരിസരങ്ങളിൽ ആകെ തന്നെ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുട്ടിയിട്ടിരിക്കുന്ന അവസ്ഥയാണ്. കൂടാതെ ഇതിന്റെ പരിസരത്ത് ജൈവവളം ഉത്പാദിപ്പിക്കുന്നതിനായുള്ള തുമ്പൂർ മുഴി മോഡൽ ജൈവ വളനിർമ്മാണ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനവും പരിപാലനവും വളരെ മോശമായതിനാൽ സമീപത്തുള്ള ഓഫീസുകൾക്കും വീടുകൾക്കും ബുദ്ധിമുട്ടുണ്ടാകുന്ന രീതിയിൽ ദുർഗന്ധം വമിക്കുന്ന അവസ്ഥയാണ്. യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് കാമാക്ഷി ഗ്രാമപഞ്ചായത്ത് ഒരു എം.സി.എഫും എല്ലാ വാർഡിലുമായി 15 മിനി എം.സി.എഫുകളും സ്ഥാപിച്ചിട്ടുണ്ട്.

**2. ഹരിത കർമ സേന പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.)1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. ആകെ 20 സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് സിസ്റ്റം നടപ്പാക്കിയതിലൂടെ എല്ലാവീടുകളിലും സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡ് പതിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽനിന്നും 50/-രൂപ, സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ തരം അനുസരിച്ച് ₹70/- ₹100/- എന്നിങ്ങനെയുള്ള നിരക്കിൽ യൂസർ ഫീ ഈടാക്കി ഇവർ വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക് കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് പ്രാഥമികമായി മിനി എം.സി.എഫ്.-കളിൽ സൂക്ഷിച്ച്, തുടർന്ന് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു. ശേഖരിക്കുന്ന അജൈവ മാനില്യങ്ങൾ ഉറവിടത്തിൽ നിന്ന് തന്നെ തരം തിരിച്ച് എടുക്കാത്തതിനാൽ എം.സ്.എഫിൽ കൊണ്ടുവന്ന് തരം തിരിക്കുന്നതിന് ഒട്ടേറെ കാലതാമസം നേരിടുന്നു. ക്ലീൻ കേരള കമ്പനി സമയബന്ധിതമായി അവ നീക്കം ചെയ്യാത്തതിനാൽ എംസി എഫുകൾ എല്ലാംതന്നെ നിറഞ്ഞ അവസ്ഥയിലാണ്. കാമാക്ഷി ടൗണിലെ വാണിജ്യ സ്ഥാപനങ്ങളിലെ ജൈവ മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തിലെ ശുചീകരണ തൊഴിലാളികൾ മുഖേനയാണ് ശേഖരിക്കുന്നത്. പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും സ്ഥാപിച്ചിട്ടുള്ള ബിന്നുകൾ, ജലസ്രോതസ്സുകൾ

എന്നിവിടങ്ങളിൽ നിന്നും ലഭിക്കുന്ന മാലിന്യങ്ങളിൽ 20% മാത്രമാണ് പുനരുപയോഗസാധ്യതയുള്ളത്. ഹരിത കർമ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

**3. ബോധവൽക്കരണം**

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമ സേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും ആരോഗ്യ പ്രവർത്തകർ, ജനപ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, ഹരിതകർമ്മസേന എന്നിവർ വീടുവീടാന്തരം കയറി ബോധവൽക്കരണം നടത്തി. ഗ്രാമസഭകൾ, മറ്റ് പൊതുയോഗങ്ങൾ, കുടുംബശ്രീ മീറ്റിംഗുകൾ എന്നീ വേദികളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയിട്ടുണ്ട്.

**4. മാലിന്യശേഖരണത്തിലെ കാര്യക്ഷമത.**

മാലിന്യ ശേഖരണത്തിനായി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ ക്യൂ.ആർ. കോഡ് പതിക്കുകയും സർട്ടിഫിക്കറ്റുകളുടെ ആവശ്യത്തിനായി യൂസർഫീ കാർഡ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളുടെ നിസ്സഹകരണം, മാലിന്യം തരംതിരിച്ച് നൽകുന്നതിനുള്ള വിമുഖത, ശേഖരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലതാമസം എന്നിവ നിലവിൽ നേരിടുന്ന ബുദ്ധിമുട്ടുകളാണ്. പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

**5. തൊഴിൽ സൃഷ്ടിക്കൽ**

20 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാസത്തിലെ ആദ്യത്തെ 20 ദിവസം മാലിന്യ ശേഖരണവും, അവശേഷിക്കുന്ന ദിനങ്ങൾ മാലിന്യം തരം തിരിക്കുന്ന ജോലിയിലും അംഗങ്ങൾ ഏർപ്പെടുന്നു. ഹരിത കർമ സേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ നിയന്ത്രിക്കുന്നതിനുമായി ഹരിത കർമ കൺസോർഷ്യം നിലവിലുണ്ട്. ഒരോ മൂന്ന് വാർഡുകൾ ചേർന്ന് ഒരു മിനി കൺസോഷ്യവും ഇപ്രകാരമുള്ള മിനി കൺസോഷ്യങ്ങൾ ചേർന്ന് പഞ്ചായത്തിൽ ഒരു പ്രധാന കൺസോഷ്യവും ഉണ്ട്. ഇതിനായി ബാങ്ക് അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി

വിനിയോഗിക്കുന്നു. എന്നാൽ ഓരോ നിശ്ചിത കാലയളവിൽ കോർപ്പസ് ഫണ്ടായി നിക്ഷേപിക്കുന്ന 10% തുക അംഗങ്ങൾ വീതിച്ചെടുക്കുന്ന രീതിയാണ് തുടരുന്നത്. അംഗങ്ങൾക്ക് പ്രതിമാസം ശരാശരി ₹17000/- വരെ ആണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുവാൻ കഴിഞ്ഞിട്ടില്ല. എം.സി.എഫിൽ പ്രവർത്തിക്കുന്ന ആക്രി യൂണിറ്റ് വഴി ഹരിത കർമ്മ സേനാംഗങ്ങൾക്ക് വരുമാനം ലഭിക്കുന്നുണ്ട്.

**6. അടിസ്ഥാന സൗകര്യങ്ങൾ**

മാലിന്യ നീക്കത്തിനായി നിലവിൽ പഞ്ചായത്തിന് സ്വന്തമായി വാഹനമുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേക്കായി സേനാംഗങ്ങൾക്ക് ക്യാപ്പ്, ഷൂസ്, മാസ്ക്, ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നല്കിയിട്ടുണ്ട്.

**7. പരിശീലനവും വികസനവും**

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും പരിശീലനം നൽകിയിട്ടുണ്ട്.

**8. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ**

മാലിന്യം തരം തിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്യാപ്പ്, ഷൂസ്, മാസ്ക്, ഗ്ലൗസ്, യൂണിഫോം, ഫസ്റ്റ് എയ്ഡ് കിറ്റ് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിരിക്കുന്നു. എല്ലാ മാസവും പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ഹരിതകർമ്മസേനാംഗങ്ങളുടെ യോഗം വിളിച്ച് ചേർത്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ചകളിലൂടെ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനത്തിനായി നിർദ്ദേശങ്ങൾ നല്കി വരുകയും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമീണ മേഖലയെ ഒരു പരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിതകർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**9. ശുപാർശകൾ**

• ഹരിത കർമ്മസേനയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളുള്ള MCF , അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക.

• ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കുക.

• ഹരിത കർമ്മ സേനയുടെ പ്രവർത്തനം സർക്കാർ നിർദ്ദേശപ്രകാരം സുഗമമായും സുതാര്യമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

• ഹരിത കർമ്മസേനയുടെ വാഹനം ഓടിക്കുന്നതിന് ഹരിതകർമ്മ സേന അംഗങ്ങളെ പര്യാപ്തമാക്കുക.

• മാലിന്യസംസ്കരണത്തിന് പൊതു ജനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്നതിനും, മാലിന്യത്തിന്റെ അളവ് കുറക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

• മാലിന്യ നീക്കം സമയബന്ധിതവും കാര്യക്ഷമവുമായി നടത്തുന്നതിന് നിരന്തര ശ്രദ്ധയും ജാഗ്രതയും ഉണ്ടായിരിക്കുക.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 320460 | ഭിന്നശേഷി വിഭാഗത്തിനുള്ള സ്കോളർഷിപ്പ് (15/24) | 320460 | - |
| | 2023-24 | 802600 | ലൈഫ് മിഷൻ ഭവന നിർമ്മാണം 2020 (159/24) | 802600 | 0 |
| | | | ആകെ | 1123060 | |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2023-24 | 16000 | സുവർണ്ണ ഭവനം (158/24) | 160000 | - |
| | 2023-24 | 2000000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (99/24) | 2000000 | - |
| | 2023-24 | 500000 | ലൈഫ് മിഷൻ ഭവന നിർമ്മാണം 2020 (159/24) | 500000 | |

| | | | | | |
|---|---|---|---|---|---|
| | 2023-24 | 115000 | ഭിന്നശേഷി വിഭാഗത്തിനുള്ള സ്കോളർഷിപ്പ് (15/24) | 115000 | - |
| | | | **ആകെ** | **2775000** | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പാ രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. ജവഹർ ഭവന പദ്ധതി വായ്പയുടെ മുന്നിരിപ്പ് നീക്കിയിപ്പ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വായ്പ സംബന്ധിച്ച തുകയിൽ വ്യക്തതയില്ല. ലൈഫ് ഭവന പദ്ധതി വായ്പയ്ക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വായ്പ വരവ്, തിരിച്ചടവ് നീക്കിയിരിപ്പുകൾ താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | വാർഷിക കണക്ക് പ്രകാരം എടുത്ത വായ്പ തുക ₹ | ആകെ അടയ്ക്കാനുള്ള വായ്പ തുക ₹ | വാർഷിക കണക്ക് പ്രകാരം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുതൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ₹ |
|---|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | ജി.ഒ(ആർ.റ്റി) 2808/2016/ ത.സ്വ.ഭ.വ തീ. 04.10.2016 | 15000000 | 6010767 | 0 | 6010767 | 1470000 | 4540767 |
| ലൈഫ് മിഷൻ | സ.ഉ.(എം.എസ്.) നം.68/2018/ ത.സ്വ.ഭ.വ. തീ.18.05.2018 | 10942561 | 8291932 | 1120000 (പലിശ തുക ₹5511) | 9411932 | 675220 | 8736712 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 5000000 |
| ആകെ | 5000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി | നിക്ഷേപിച്ച | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|

| നം | /പോസ്റ്റ് ഓഫീസ്....) | തിയതി | | | |
|---|---|---|---|---|---|
| 1 | കാമാക്ഷി സർവ്വീസ് സഹകരണ ബാങ്കിന്റെ ഡിപ്പോസിറ്റ് സർട്ടിഫിക്കറ്റ് നം. 1978 തീയതി 31.10.2023 | 31.10.2023 | ഒരു വർഷം | 5000000 | ബാങ്കിന് 2023-34 ൽ ഗ്രാമ പഞ്ചായത്തിന്റെ നിക്ഷേപം സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള യോഗ്യത ഉണ്ട് |
| | | | **ആകെ** | 5000000 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2006-07 | 3-3 | 2010-11 | 2-14 | ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിക്കുന്നതിലെ കാലതാമസം-വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ-പദ്ധതി ₹49728/- | - |
| പ്രവർത്തനാവലോകനം | പ്രത്യേക റിപ്പോർട്ട് | 2012-13 | 3-4 | തൊഴിലുറപ്പ് പ്രവർത്തനാവലോകനം | - |
| വിഷയാധിഷ്ഠിത അവലോകനം | പ്രത്യേക റിപ്പോർട്ട് | 2014-15 | അനുബന്ധം-4 | വിഷയാധിഷ്ഠിത അവലോകനം - മൃഗസംരക്ഷണം | - |
| 2015-16 | 2-1 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | - |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**ചാർജ്ജ് നടപടി വിവരങ്ങൾ**

| | | | | ചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | നം./തീയതി | തുക | സ്വയം അടവാക്കിയ | റവന്യൂ റിക്കവറി നടപടി | (ഉൾപ്പെട്ട തുക | ഈടാക്കിയ തുക | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ | റിമാർ |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഭരണ വകുപ്പ് | | | തുക (രസീത് നം./ തീയതി) | യിലൂടെ ഈടാക്കിയ തുക, തീയതി | ₹ | ₹ | | ബാധ്യത ₹ | ക്ക് സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1. | 2002-03 | 2.7 | പി.കെ. ശ്രീധരൻ നമ്പൂതിരി, സെക്രട്ടറി | LF-2365/Spl. Cell/SC2/07 Dt.29.09.2008 | 9651 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9651 | |

**സർചാർജ്ജ് നടപടി വിവരങ്ങൾ**

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | നം./തീയതി | തുക ₹ | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക(₹) തീയതി | (ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998-99 | 19(1) | എം. എൻ. സന്തോഷ്, LDC | LF-19013/ Spl.Cell/ SC2/07 Dt.12.02.08 | 1621 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1621 | |
| 2 | 1998-99 | 19(2) | എം. എൻ. സന്തോഷ്, LDC | LF-19013/ Spl.Cell/ SC2/07 Dt.12.02.08 | 246 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 246 | |
| 3 | 2000-01 | 26 | സെക്രട്ടറി | LF 11728/ Sp.cell (Sc2)/05 Dt.16.08.05 | 534 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 534 | |
| 4 | 2000-01 | 27 | രാജൻ വർഗീസ്, സെക്രട്ടറി | LF-11728/ Spl.Cell/ SC2/05 Dt.16.08.05 | 389 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 389 | |
| 5 | 2000-01 | 30 | പി.കെ. ശ്രീധരൻ നമ്പൂതിരി, സെക്രട്ടറി | LF-11728/ Spl.Cell/ SC2/06 Dt.23.03.06 | 3360 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 3360 | |
| 6 | 2000-01 | 32 | പി.കെ. ശ്രീധരൻ നമ്പൂതിരി, സെക്രട്ടറി | LF 11728/ Sp.cell (Sc2)/05 Dt.16.08.05 | 22300 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 22300 | |
| 7 | 2000-01 | 36 | രാജൻ വർഗീസ്, സെക്രട്ടറി | LF-05/ Spl. Cell/ SC2/05 Dt.23.03.06 | 5000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5000 | |
| 8 | 2004-05 | 3.4 | എൻ. ഇബ്രാഹിംകുട്ടി, കൃഷി ഓഫീസർ | LF-19126/ Spl. Cell/ SC2/09 Dt.04.12.10 | 2850 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2850 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് (₹) | 28001554 |
| വരവ് (₹) | 35494614 |
| ആകെ (₹) | 63496168 |
| ചെലവ് (₹) | 41606312 |

| | |
|---|---|
| നീക്കിയിരിപ്പ് (₹) | 21889856 |
| [കുറിപ്പ് :- പഞ്ചായത്തിന്റെ 2022-23 ലെ റെസിപ്റ്റ് & പെയ്മന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്] | |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 822650 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

- ഇല്ല -

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 50000 | ശ്രീമതി. നിജാമോൾ എം.ജി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-20 | 528400 | ശ്രീ. ആൽബർട്ട് ചാക്കോ, സെക്രട്ടറി |
| 1-23 | 44250 | ശ്രീ. ആൽബർട്ട് ചാക്കോ, സെക്രട്ടറി |
| 1-26 | 200000 | ശ്രീ.സോജി തോമസ് , കൃഷി ഓഫീസർ |
| **ആകെ** | **822650** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. നിജാമോൾ എം.ജി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, കാമാക്ഷി ഗ്രാമപഞ്ചായത്ത് | തൈപ്പറമ്പിൽ വീട്,<br>ചീരഞ്ചിറ പി.ഓ<br>ചങ്ങനാശ്ശേരി |
| ശ്രീ. ആൽബർട്ട് ചാക്കോ, സെക്രട്ടറി | വിരമിച്ചു | പി.ഡബ്ല്യൂ.ഡി. ക്വാർട്ടേഴ്സ്<br>11 AE<br>പൈനാവ്. പി.ഒ |
| ശ്രീ.സോജി തോമസ് | കൃഷി ഓഫീസർ | തുടിയൻ പ്ലാക്കൽ വീട്<br>ഇരട്ടയാർ പി.ഒ<br>ഇടുക്കി-685516 |

**4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

താഴെ കാണിച്ചിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുകയാണ്.

തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡിക എണ്ണം | ഖണ്ഡിക നം. |
|---|---|---|---|

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.ഐ-13/902/15/<br>08.09.2015 | 01 | 3-3 |
| 2012-13 | എൽ.എഫ്.ഐ-13/1331/14/<br>03.02.2015 | 01 | 2-2 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-13/329/17/<br>20.04.2017 | 05 | 2-1, 3-3,<br>3-4, 3-5, 3-6 |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-13/1545<br>/17/05.12.17 | 01 | 2-2 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-13/1226/18/<br>19.11.2018 | 8 | 2-2, 2-3, 3-2,<br>3-4, 3-5, 3-6, 3-8, 3-9 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ-11/345/2021<br>തീയതി : 17/04/2021 | 9 | 1-9, 1-10, 1-12, 1-14, 1-16,<br>1-21, 4-8, 4-9, 4-11 |
| 2020-21 | കെ.എസ്.എ.ഐ.ഡി.കെ-11/1011/2021<br>തീയതി : 15.12.2021 | 10 | 1-9-1(4), 1-9-4, 1-9-5, 1-11, 1-12, 1-13, 1-14,<br>1-15, 1-16, 1-18 |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ-പി 5/14/2023<br>തീയതി : 17.03.2023 | 11 | 1-9, 1-13, 1-17, 1-19, 1-20, 1-21, 1-23, 1-24,<br>4-8, 4-9, 4-11 |
| 2022-23 | കെ.എസ്.എ.ഐ.ഡി.കെ.പി.5/1256/2023<br>തീയതി : 20/12/2023 | 20 | 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17,<br>1-18, 1-19, 1-20, 1-21, 1-22, 1-23, 1-24,<br>1-25, 1-26, 1-27, 1-28, 1-29 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-05-2024 and submitted on 20-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Kamakshy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kamakshy Grama Panchayat as on 31-03-2024

Date: **20/09/2024**

**Deputy Director**
**District Office Idukki**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kamakshy Grama Panchayat for the Year 2023-2024 .

**1.Major Observations**

1) Non inclusion of notes to accounts in Financial Statements and non disclosure of material facts.

**2.Other Observations**

1) Cashflow statement- Net increase / decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
2) Verificcation of value of assets owned by Grana Panchayath is not possible due to lack of

authenticated documents. Asset Register is not updated.

3) Lack of authenticated journal vauchers for supporting the adjustment entries recorded in Prior Period items and Depreciation etc.ÂÂÂÂÂÂ in Income and Expenditure statement.

4) Overdue deposits including Election Deposits recorded under Schedule B-7 of the Balance Sheet have not been forfeited and credited to the Panchayat Fund.

5) Demand, Collection, Balance statement is not recorded in Profession tax register, Licence register and rent register.

6) Lapses in making timely and accurate demand entries in respect of tax and non tax revenue.

7) Advance register, Deposit register, Loan register are not reliable for audit as they are not certified by the authorities

8) Lack of authenticity about the figure noted under the head ÂÂ***Specific purpose Grant*** in B4 Schedule of Balance sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്